# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2026 20.01.2026

## സർക്കുലർ

## കാതോലിക്കാ ദിനം-2026

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്‌ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭ സ്വയം ഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്‌ക്കോപ്പൽ സിനഡൽ സഭയായി ഉയർത്തപ്പെട്ടതിന്റെ 21-ാം വാർഷികം 2026 ഫെബ്രുവരി 1-ാം തീയതി നാം കാതോലിക്കാ ദിനമായി ആചരിക്കുന്നു. സഭ ക്രിസ്തുവിന്റെ മൗതിക ശരീരവും നാം അതിലെ അവയവങ്ങളുമാണ്. ക്രിസ്തുവിന്റെ സഭയെ പടുത്തുയർത്തുന്ന പരിശ്രമത്തിലാണ് നാം ഇക്കാലമത്രയും ഉൾച്ചേർന്നുകൊണ്ടിരിക്കുന്നത്. ദൈവിക ഇടപെടലും കൂട്ടായ പ്രവർത്തനങ്ങളും ആഗോള കത്തോലിക്കാസഭയിൽ സജീവ സാക്ഷ്യം വഹിക്കുന്ന സഭാകൂട്ടായ്മയായി നമ്മെ മുന്നോട്ട് നയിക്കുന്നു. ദൈവത്തിന്റെ കരുണയ്ക്കും കരുതലിനും നന്ദി അർപ്പിക്കാം. "അവർ കർത്താവിന് അവിടുത്തെ കാരുണ്യത്തെ പ്രതിയും മനുഷ്യമക്കൾക്കായി അവിടുന്ന് ചെയ്ത അത്ഭുതങ്ങളെ പ്രതിയും നന്ദി പറയട്ടെ" (സങ്കീ 107:21). സഭ മുഴുവനായും ദൈവകരങ്ങളിൽ സമർപ്പണം ചെയ്തു പ്രാർത്ഥിക്കുവാൻ മാറ്റിവെച്ചിരിക്കുന്ന ഈ ദിനത്തിൽ തുടർന്നും സഭാ ശുശ്രൂഷകൾ സജീവവും ദൈവാനുഗ്രഹപ്രദവുമാകുവാൻ പ്രത്യേകം പ്രാർത്ഥിക്കാം. വിശ്വാസ ചൈതന്യത്തോടും ആത്മാർത്ഥമായ സമർപ്പണത്തോടുംകൂടി നാം ഏറ്റെടുത്തിരിക്കുന്ന സഭാശുശ്രൂഷകൾ നിർവഹിക്കുവാൻ പ്രാർത്ഥനാപൂർവം പ്രതിജ്ഞയെടുക്കാം. കാതോലിക്കാ ദിനത്തിന്റെ അനുഗ്രഹങ്ങൾ സഭാമക്കളേവർക്കും ഞാൻ നേരുന്നു.

ധന്യൻ മാർ ഈവാനിയോസ് പിതാവ് 1930-ൽ തുടങ്ങിവെച്ച പ്രേഷിതശുശ്രൂഷയാണ് സഭയായി നാം തുടരുന്നത്. ഭാരതം മുഴുവനും

സുവിശേഷത്തിന്റെ ചൈതന്യം സത്യസഭയിലൂടെ നൽകുന്നതിനാണ് ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ മുണ്ടൻ മലയിറങ്ങിയത്. സുവിശേഷ പ്രഘോഷണത്തിനായിട്ടാണ് ജീവിതയാത്രയിലെ എല്ലാ ത്യാഗങ്ങളെയും ഏറ്റെടുത്തതും. "നിങ്ങൾ കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനംകൊള്ളുവിൻ. നിങ്ങളുടെ ജീവിത വിശുദ്ധിയും സന്മാതൃകകളും അകത്തോലിക്കർക്ക് മാർഗദീപമായി ഭവിക്കട്ടെ. നമ്മുടെ സ്നേഹനാഥനായ മിശിഹായെ നിങ്ങളിൽ നിങ്ങൾ പ്രതിബിംബിക്കണം": ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ സഭാമക്കളോടുള്ള അന്ത്യോപദേശത്തിലെ വാക്കുകളാണിവ. ആഗോള കത്തോലിക്കാസഭയുടെ ഭാഗമായിരുന്നുകൊണ്ട്, ക്രിസ്തുവിനെ അറിയാത്തവർക്ക് സുവിശേഷ സന്ദേശം പകർന്നുനൽകാനും അകത്തോലിക്കരായവർക്ക് നമ്മുടെ ജീവിതവിശുദ്ധിയും സന്മാതൃകകളും പങ്കുവച്ച് നല്കി സത്യവിശ്വാസത്തിലേക്ക് ആനയിക്കാനുമുള്ള ദൗത്യമാണ് പുണ്യപിതാവ് കൈമാറ്റം ചെയ്തു നൽകിയത്. ഈ ദൗത്യങ്ങൾ ക്രിയാത്മകമായി തുടരേണ്ടത് ഇന്നു നമ്മുടെ ഉത്തരവാദിത്വമാകുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് 12 ഭദ്രാസനങ്ങളിലൂടെ, യൂറോപ്പിലെ ശുശ്രൂഷകൾക്കായി യു.കെ. കേന്ദ്രമാക്കി അപ്പസ്തോലിക് വിസിറ്റേറ്ററുടെ ശുശ്രൂഷകളിലൂടെ, അതുപോലെ മറ്റ് രാജ്യങ്ങളിലെ മിഷൻ കേന്ദ്രങ്ങളിലൂടെ ആഗോള കത്തോലിക്കാസഭയിൽ സുവിശേഷ ചൈതന്യം പകർന്നു നൽകുന്നു. നമ്മുടെ സഭ ഇന്നും വളർച്ചയുടെ ഏതു ഘട്ടത്തിലെത്തി നിൽക്കുന്നുവോ അതിനു പിന്നിൽ നിരന്തരമായി പ്രാർഥിച്ചവരെയും പ്രവർത്തിച്ചവരെയും ആത്മസമർപ്പണം ചെയ്തവരേയും നന്ദിയോടെ അനുസ്മരിക്കാം. 1930-ൽ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ കൊളുത്തിവെച്ച പുനരൈക്യദീപം പിൻതലമുറയിലേക്ക് കൈമാറ്റം ചെയ്ത ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായ പ്രേഷിതർ ഏവരെയും ദൈവതിരുമുമ്പാകെ സമർപ്പിക്കാം. നമ്മുടെ സഭയ്ക്ക് ലഭിച്ച അനുഗ്രഹമാണ് ആഗോള കത്തോലിക്കാസഭയിൽ സ്വയം ഭരണാവകാശമുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയും കാതോലിക്കാ സിംഹാസന സ്ഥാപനവും. സഭയുടെ ദൈവാനുഗ്രഹപ്രദമായ വളർച്ചയ്ക്കായി ത്യാഗനിർഭരമായ ശുശ്രൂഷകൾ നിർവഹിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും സന്യസ്തരെയും ദൈവജനത്തേയും നന്ദിയോടെ സ്മരിക്കുന്നു.

2030-ൽ പുനരൈക്യത്തിന്റെ ശതാബ്ദി നാം ആഘോഷിക്കുകയാണല്ലോ. അതിനു മുന്നോടിയായിട്ടുള്ള കാലയളവ് സഭ മുഴുവന്റെയും

നവീകരണത്തിനും വിവിധങ്ങളായ ശുശ്രൂഷകളെ ശക്തിപ്പെടുത്തുന്നതിനുമായി നാം മാറ്റിവെച്ചിരിക്കുന്നു. വചനവർഷാചരണം പരിശുദ്ധാത്മ നിറവിൽ വചനത്തിൽ ആഴപ്പെടാനും വചനത്തിൽ ജീവിക്കാനും നമ്മെ സഹായിച്ചു. 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ ആരാധനക്രമ വർഷമായി നാം ആചരിക്കുന്നു. നമ്മുടെ പുണ്യപിതാക്കന്മാരിലൂടെ കൈമാറ്റം ചെയ്തുതന്ന അമൂല്യനിധിയാണ് ആരാധനക്രമം. പരിശുദ്ധവും പരിപാവനവുമായി അതിനെ സംരക്ഷിക്കാനും അതിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുവാനുമുള്ള വിളി ലഭിച്ചവരാണ് നാം. "ഈശോമിശിഹായുടെ മൗതീക ശരീരത്താൽ, അതായത് അതിന്റെ ശിരസാലും അവയവങ്ങളാലും സമ്പൂർണമായ പരസ്യാരാധന അർപ്പിക്കപ്പെടുന്നു. അതിനാൽ എല്ലാ ആരാധനക്രമ പരികർമവും പുരോഹിതനായ മിശിഹായുടെയും സഭയാകുന്ന അവിടുത്തെ ശരീരത്തിന്റെയും പ്രവൃത്തിയെന്ന നിലയ്ക്ക് സഭയുടെ മറ്റെല്ലാ പ്രവർത്തനങ്ങളെയും അതിശയിപ്പിക്കുന്ന വിശുദ്ധ കർമമാണ്. അതിന്റെ ഫലദായകത്വം, മഹത്വത്തിലും പദവിയിലും സഭയുടെ ഇതര പ്രവർത്തനങ്ങളോടൊന്നും തുലനം ചെയ്യാനാവാത്തതാണ്" (SC 7). ആരാധനക്രമ വർഷാചരണം വിശുദ്ധവും പവിത്രവുമായ ആരാധനക്രമത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനും കൂടുതൽ അനുഭവവേദ്യമാക്കാനുമുള്ള അവസരമാക്കി മാറ്റാം. ആരാധനക്രമ വർഷാചരണത്തിന്റെ ഭാഗമായുള്ള എല്ലാ പ്രവർത്തനങ്ങളിലും സഭാമക്കളേവരും സജീവമായി പങ്കാളികളാകണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

നമ്മുടെ സഭയുടെ 30-ാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് 2026 ഫെബ്രുവരി 23 മുതൽ 27 വരെ കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിക്കുന്നു. പരി. സുന്നഹദോസ് ദൈവാനുഗ്രഹപ്രദമായിത്തീരുന്നതിനായി നിങ്ങൾ ഏവരും പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവിധ പൊതുശുശ്രൂഷ കളെയും സുന്നഹദോസ് കമ്മീഷനുകളുടെ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന കേന്ദ്രമാണല്ലോ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ - കാതോലിക്കേറ്റ് സെന്റർ. സഭാമക്കളുടെ ഉദാരമായ സഹായ സഹകരണങ്ങളോടെയാണ് കാതോലിക്കേറ്റ് സെന്റർ പ്രവർത്തിക്കുന്നത്. കാതോലിക്കാ ദിനത്തിലെ സ്തോത്രകാഴ്ച ഈ പ്രത്യേക നിയോഗത്തിനായി നാം മാറ്റിവയ്ക്കുന്നു. കാതോലിക്കേറ്റിന്റെ പ്രത്യേക ശുശ്രൂഷകൾക്കും സഭയുടെ പൊതുശുശ്രൂഷകൾക്കുമായി നിങ്ങളുടെ ഉദാരമായ സംഭാവനകൾ ഇതിലേക്ക് നൽകണമെന്ന് സഭാമക്കളേവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ബഹു. വികാരിയച്ചന്മാർ ഈ കാര്യം ഇടവക ജനങ്ങളെ അറിയിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇടവകകൾ മാത്രമല്ല, നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസ സമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഈ ഉദ്യമത്തിൽ ഔദാര്യത്തോടെ പങ്കാളികളാകണം. ഭദ്രാസനാദ്ധ്യക്ഷന്മാർ അവരവരുടെ ഭദ്രാസനങ്ങളിൽ നിന്നുള്ള സ്തോത്രകാഴ്ചയും കാണിക്കയും ഏകോപിപ്പിച്ച് സഭാസിനഡിന്റെ തീരുമാനപ്രകാരമുള്ള വിഹിതം അടുത്തുവരുന്ന പരിശുദ്ധ സുന്നഹദോസിൽ സമർപ്പിക്കേണ്ടതാണ്. സുപ്പീരൃർ ജനറൽമാരും പ്രോവിൻഷ്യൽ സുപ്പീരേ്യഴ്സും തങ്ങളുടെ സന്യാസ-സന്യാസിനി സമൂഹങ്ങളുടെ സംഭാവന കാതോലിക്കേറ്റ് സെന്ററിലെ ഫിനാൻസ് ഓഫീസിൽ സുന്നഹദോസിനുമുമ്പ് ഏല്പ്പിക്കേണ്ടതാണ്. ഈ ഉദ്യമത്തിൽ കഴിഞ്ഞവർഷങ്ങളിൽ ഔദാര്യപൂർവം പങ്കുചേർന്ന ഏവരേയും ഞാൻ അഭിനന്ദിക്കുകയും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്യുന്നു.

കാതോലിക്കാ ദിനത്തിൽ പരിശുദ്ധ കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും വേണം. ഈ ദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ അഭിവന്ദ്യ പിതാക്കന്മാരേയും ബഹു. വൈദികരേയും സന്യസ്തരേയും ദൈവജനത്തേയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

N.B.: ഈ സർക്കുലർ 2026 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.